بِسۡمِ اللّٰہِ الرَّحۡمٰنِ الرَّحِیۡمِ﴿۱﴾

# ജുമുഅഃ ഖുത്ബ സംഗ്രഹം 07.04.2023

**സയ്യിദുനാ ഹദ്റത് അമീറുൽ മുഅ്മിനീൻ ഖലീഫത്തുൽ മസീഹ് അൽഖാമിസ്** (അയ്യദഹുല്ലാഹ്)

***യു.കെയിലെ മസ്ജിദ് ബൈത്തുൽ ഫുത്തൂഹിൽ നിർവഹിച്ചത്.***

## വിശുദ്ധ ഖുർആനിന്റെ മഹത്വവും പ്രാധാന്യവും - 7

اَشۡھَدُ اَنۡ لَّاۤ اِلٰہَ اِلَّا اللّٰہُ وَحۡدَہٗ لَا شَرِیۡکَ لَہٗ وَاَشۡھَدُ اَنَّ مُحَمَّدًا عَبۡدُہٗ وَرَسُوۡلُہٗ
اَمَّا بَعۡدُ فَاَعُوۡذُ بِاللّٰہِ مِنَ الشَّیۡطٰنِ الرَّجِیۡمِ ○ بِسۡمِ اللّٰہِ الرَّحۡمٰنِ الرَّحِیۡمِ ○
اَلۡحَمۡدُ لِلّٰہِ رَبِّ الۡعٰلَمِیۡنَ ○ اَلرَّحۡمٰنِ الرَّحِیۡمِ ○ مٰلِکِ یَوۡمِ الدِّیۡنِ ○ اِیَّاکَ
نَعۡبُدُ وَاِیَّاکَ نَسۡتَعِیۡنُ ○ اِہۡدِنَا الصِّرَاطَ الۡمُسۡتَقِیۡمَ ○ صِرَاطَ الَّذِیۡنَ اَنۡعَمۡتَ
عَلَیۡہِمۡ غَیۡرِ الۡمَغۡضُوۡبِ عَلَیۡہِمۡ وَلَا الضَّآلِّیۡنَ ○

അല്ലാഹു തിരുനബി(സ)നുമേൽ ദീനും ശരീഅത്തും സമ്പൂർണമാക്കിയപ്പോൾ വിശുദ്ധ ഖുർആനിൽ ഇങ്ങനെ വിളംബരപ്പെടുത്തി:

اَلۡیَوۡمَ اَکۡمَلۡتُ لَکُمۡ دِیۡنَکُمۡ وَاَتۡمَمۡتُ عَلَیۡکُمۡ نِعۡمَتِیۡ
وَرَضِیۡتُ لَکُمُ الۡاِسۡلَامَ دِیۡنًا

ഞാൻ നിങ്ങൾക്ക് വേണ്ടി നിങ്ങളുടെ ദീനിനെ പൂർത്തീകരിക്കുകയും എന്റെ അനുഗ്രഹത്തെ നിങ്ങളിൽ പൂർത്തിയാക്കുകയും ഞാൻ ഇസ്‌ലാമിനെ നിങ്ങൾക്കുവേണ്ടി ദീൻ എന്ന നിലക്ക് തൃപ്തിപ്പെടുകയും ചെയ്തിരിക്കുന്നു. ചുരുക്കത്തിൽ അല്ലാഹു മുസ്‌ലിംകൾക്ക് ഒരു സമ്പൂർണ ശരീഅത്ത് ഇറക്കി എന്നത് അവർക്കുമേലുള്ള അല്ലാഹുവിന്റെ വലിയ ഔദാര്യമാകുന്നു. ഇനി അവസാന ദീനും അല്ലാഹു ഇഷ്ടപെട്ട ദീനും ഇസ്‌ലാം മാത്രമാണെന്നും അല്ലാഹുവിന്റെ തൃപ്തി കാംക്ഷിക്കുന്നുവെങ്കിൽ ഇസ്‌ലാം സ്വീകരിക്കുകയും അതിന്റെ അധ്യാപനങ്ങൾ അനുസരിച്ച് പ്രവർത്തിക്കുകയും ചെയ്യാതെ മറ്റൊരു മാർഗവും ഇല്ലെന്നതും മറ്റൊരു മതത്തിനും ഇല്ലാത്ത ഇസ്‌ലാമിന്റെ മാത്രം വാദമാകുന്നു. അല്ലാഹു വിളമ്പരപ്പെടുത്തുന്നത്, ഖുർആനിക അധ്യാപനങ്ങൾ മാത്രമാണ് ഇനി മനുഷ്യന്റെ ധാർമ്മികവും ആത്മീയവുമായ പുരോഗതിക്കുള്ള ഏക മാർഗം. മാത്രമല്ല ഈ അധ്യാപനം എത്രമാത്രം സമ്പൂർണം ആണെന്നാൽ ഭൗതീക പുരോഗതിയുടെ മാർഗങ്ങൾക്കും ഈ അധ്യാപനം മതിയാകുന്നതാണ്.

ചുരുക്കത്തിൽ അല്ലാഹു ഈ അധ്യാപനത്തെ കുറിച്ച് *അക്മൽത്തു* എന്ന് വിളംബരപ്പെടുത്തിയതിന്റെ അർഥം മനുഷ്യന്റെ ധാർമ്മികവും ആത്മീയവും ഭൗതീകവുമായ എല്ലാ കഴിവുകളും ഖുർആനനുസരിച്ച് പ്രവർത്തിക്കുമ്പോഴാണ് ലഭ്യമാകുക. *അത്മംതു* എന്ന് പറഞ്ഞുകൊണ്ട് ശക്തി യുക്തം വിളംബരപ്പെടുത്തുന്നത്, മനുഷ്യന് ആവശ്യമുള്ളതെല്ലാം എല്ലാ തലത്തിലും പൂർത്തീകരിക്കുന്നത് വിശുദ്ധ ഖുർആൻ മാത്രമാകുന്നു എന്നാണ്. അവന്റെ ഒരാവശ്യവും വിശുദ്ധ ഖുർആൻ വലയം ചെയ്യാതിരുന്നിട്ടില്ല. അത് മനുഷ്യന്റെ ഭൗതീക ആവശ്യങ്ങൾ ആണെങ്കിലും ആത്മീയവും ധാർമികവുമായ നിലവാരങ്ങൾ കരസ്ഥമാക്കുന്നതിനുള്ള ആവശ്യങ്ങളും മാർഗങ്ങളും ആണെങ്കിലും ശരി.

ചുരുക്കത്തിൽ ഈ ആയത്തിനോടൊപ്പം വിളംബരപ്പെടുത്തുന്നത്, ഇനി മനുഷ്യ നിലനിൽപ്പ് ഇതിന്റെ അധ്യാപനവുമായി ബന്ധപ്പെട്ട് നിൽക്കുന്നുവെന്നാണ്. ഈ അധ്യാപനം എല്ലാ കാലത്തും ലോകത്തുമുള്ള മനുഷ്യന് വേണ്ടിയുള്ളതാണ്. വിശുദ്ധ ഖുർആനു മുൻപേ ഇറങ്ങിയ എല്ലാ അധ്യാപനങ്ങളും വിവിധ പ്രവാചകന്മാർക്ക് സമയാധിഷ്ഠിതവും കാലാധിഷ്ഠിതവുമായി ഇറങ്ങിയവയാണ്.

ഹദ്റത് മസീഹ് മൗഊദ്(അ) ഇതിന്റെ വിശദീകരണത്തിൽ ഇങ്ങനെയും വിളംബരപ്പെടുത്തുന്നു: തിരുനബി(സ)യുടെ ആഗമന ഉദ്ദേശം പൂർത്തിയായതായി ഇതിൽ നിന്ന് തെളിയുന്നു. തിരുനബി(സ) മാത്രമാണ് സമ്പൂർണനും അവസാന പ്രവാചകനും; ആ മഹാത്മാവിനു മേലാണ് ഇത്രയും പൂർണമായ ശരീഅത്ത് ഇറങ്ങിയത്.

(ഹദ്റത് മസീഹ് മൗഊദ്(അ)നു മേൽ) ആക്ഷേപമുന്നയിക്കുന്നവർ ചോദിക്കുന്നു: വിശുദ്ധ ഖുർആൻ അവസാന ശരീഅത്തും തിരുനബി(സ) അവസാന പ്രവാചകനും ആണെന്ന ആദർശമാണെങ്കിൽ പിന്നെ അദ്ദേഹത്തിന്റെ വാദങ്ങൾക്ക് എന്ത് പ്രസക്തിയാണുള്ളത്. അദ്ദേഹം ഈ കാലഘട്ടത്തിൽ വരേണ്ട ആവശ്യം തന്നെ എന്തായിരുന്നു. ഹദ്റത് മസീഹ് മൗഊദ്(അ) ഇതിനുള്ള മറുപടി ഒരു സ്ഥലത്ത് ഇങ്ങനെ നൽകുന്നു:

നിങ്ങൾ ഇസ്‌ലാം അനുസരിച്ച് പ്രവർത്തിക്കുക ആണെങ്കിൽ (ഈ പറഞ്ഞത്) ശരിയായിരുന്നു. ഞാൻ വരേണ്ട ഒരാവശ്യവും ഇല്ലായിരുന്നു;

എന്നാൽ കാലഘട്ടത്തിന്റെ പൊതു അവസ്ഥയും പ്രത്യേകിച്ചും മുസ്‌ലിംകളുടെ അവസ്ഥയും വിളിച്ച് പറയുന്നത് ഒരു അധ്യാപകന്റെ ആവശ്യം ഉണ്ട് എന്നാണ്.

ഹദ്റത് മസീഹ് മൗഊദ്(അ) തന്റെ ഗ്രന്ഥങ്ങളിലും രചനകളിലും സാഹിത്യങ്ങളിലും എല്ലാ സ്ഥലത്തും പറയുന്നു: ഞാൻ നബി(സ)ന്റെ ദാസത്വത്തിൽ തിരുനബിയുടെ ശരീഅത്തും ദീനും വിശുദ്ധ ഖുർആനിന്റെ അധ്യാപനങ്ങളും ലോകത്ത് പരത്തുന്നതിന് വേണ്ടിയാണ് വന്നിട്ടുള്ളത്. ഈ പ്രവർത്തനങ്ങൾ തന്നെയാണ് ഹദ്റത് മസീഹ് മൗഊദ്(അ) നിറവേറ്റിയത്. അതിനെ തുടർന്ന് കൊണ്ടുപോകുന്നതിന് വേണ്ടിയാണ് അഹ്‌മദിയ്യാ ജമാഅത്ത് സ്ഥാപിതമായിട്ടുള്ളത്. ഈ പ്രവർത്തനം തന്നെയാണ് അഹ്‌മദിയ്യാ ജമാഅത്ത് അദ്ദേഹം നൽകിയ സാഹിത്യങ്ങളും അദ്ദേഹം വിവരിച്ച ഖുർആൻ തഫ്സീറുകളും മുഖേന ചെയ്തുകൊണ്ടിരിക്കുന്നത്. ഈ പ്രവർത്തനം തങ്ങൾ എത്രമാത്രം ചെയ്യുന്നു എന്ന് ഓരോ അഹ്‌മദിയും ചിന്തിക്കേണ്ടിയിരിക്കുന്നു. പൊതുവായ രീതിയിൽ ഒരു പ്രോഗ്രാം ഉണ്ട്. അത് നടക്കുന്നുമുണ്ട്. എന്നാൽ വ്യക്തിപരമായ രീതിയിലും അത് ഉണ്ടാകണം. നാം ഈ ഉദ്ദേശത്തെ മുന്നിൽ വെക്കുമ്പോൾ മാത്രമാണ് നമ്മുടെ ബൈഅത്തിന്റെ ഉദ്ദേശം പൂർത്തിയാകുകയുള്ളൂ. അതിനുവേണ്ടി വിശുദ്ധ ഖുർആൻ പഠിക്കാനും മനസ്സിലാക്കാനും എപ്പോഴും ശ്രദ്ധിക്കേണ്ടതാണ്. അതിന് ഉള്ള ഏറ്റവും നല്ല മാർഗം ഹദ്റത് മസീഹ് മൗഊദ്(അ)ന്റെ ഗ്രന്ഥങ്ങളും പാഠങ്ങളും ആകുന്നു.

വിശുദ്ധ ഖുർആനിന്റെ മനോഹാരിതയെയും മേന്മകളെയും കുറിച്ച് ഹദ്റത് മസീഹ് മൗഊദ്(അ)ന്റെ അധ്യാപനങ്ങളുടെ വെളിച്ചത്തിൽ ഞാൻ കുറച്ച് കാലമായി വിവരിച്ച് കൊണ്ടിരിക്കുന്നു. ഇന്നും ഖുർആനിന്റെ സംപൂർത്തീകരണത്തെ കുറിച്ച് ആ മഹാത്മാവിന്റെ പാഠങ്ങളും അധ്യാപനങ്ങളും സമർപ്പിക്കുന്നതാണ്.

ബൈഅത്തിന്റെ പത്ത് നിബന്ധനകളിൽ ഇങ്ങനെ രേഖപ്പെട്ടുകിടക്കുന്നു, വിശുദ്ധ ഖുർആനിന്റെ ആധിപത്യത്തെ പരിപൂർണമായും ശിരസ്സാവഹിക്കുന്നതാണ്. ചുരുക്കത്തിൽ നമ്മളിൽ ഓരോരുത്തരും ഈ റമദാനിൽ വിശുദ്ധ ഖുർആനിന്റെ അധ്യാപനം അനുസരിച്ച് പ്രവർത്തിക്കാമെന്ന് ഉറച്ച തീരുമാനം എടുക്കുകയാണെങ്കിൽ നമുക്ക് ആത്മീയ പുരോഗതി ഉണ്ടാകും. അവിടെ നമ്മുടെ സമൂഹവും ഒരു സ്വർഗീയ സമൂഹമായി മാറും.

ഹദ്റത് മസീഹ് മൗഊദ്(അ) പറയുന്നു: (വിശുദ്ധ ഖുർആൻ നന്മ ഉപദേശിക്കുന്നതിലും തിന്മ വിരോധിക്കുന്നതിലും സമ്പൂർണമാകുന്നു.) മനുഷ്യന്റെ പ്രകൃതത്തിൽ അങ്ങേയറ്റം വ്യതിചലത്തിന് സാധ്യമായവയെയും വഴികേടിന്റേയും ദുഷ്കർമ്മത്തിന്റേയും രംഗത്ത് മുന്നോട്ട് നീങ്ങാൻ സാധ്യതയുള്ളതുമായ എല്ലാ തിന്മകളെയും വിശുദ്ധ ഖുർആൻ മുഖേന മാറ്റങ്ങൾ വരുത്തുന്നു. അത്കൊണ്ട് തന്നെ മനുഷ്യകുലം എല്ലാ തിന്മയിലും അകപ്പെട്ട കാലത്തായിരുന്നു വിശുദ്ധ ഖുർആൻ അവതരിച്ചത്. പതിയെ പതിയെ മനുഷ്യന്റെ അവസ്ഥകൾ എല്ലാതരം മോശമായ വിശ്വാസങ്ങളും കർമ്മങ്ങളും മുഖേന മലീമസമായിട്ടുണ്ടായിരുന്നു. അത്തരം സമയത്ത് അല്ലാഹുവിന്റെ സമ്പൂർണമായ വചനങ്ങൾ ഇറങ്ങേണ്ടതും ദൈവീക യുക്തി ആവശ്യപ്പെടുന്നുണ്ടായിരുന്നു. കാരണം തിന്മകൾ ഉണ്ടാകുന്നതിന് മുൻപേ ജനങ്ങൾക്ക് കുറ്റങ്ങളേയും മോശമായ വിശ്വാസങ്ങളെയും കുറിച്ച് അറിവ് പോലും ഇല്ലാത്ത സമയത്ത് അതിനെ കുറിച്ച് അറിയിപ്പ് നൽകുന്നത് തിന്മകളിലേക്ക് സ്വയം പ്രേരിപ്പിക്കുന്നത് പോലെ ആകുമായിരുന്നു.

ജ്ഞാനിയും അനുഭവസ്ഥനും ആയ ആളും അറിവിൽ പരിമിതമായ ഒരാളും സമമവുകയില്ല. അല്ലാഹുവിന്റെ വചനങ്ങൾ മനുഷ്യ വചനങ്ങളേക്കാൾ അതിന്റെ പ്രകടവും ഗോപ്യവുമായ മേൻമകളിൽ ഉന്നതവും അനുപമവുമാകേണ്ടത് അനിവാര്യമാണ്. അവനെ പോലെ മറ്റാർക്കും അറിവില്ല. അതിനാൽ സമ്പൂർണമാണെന്നു വാദമുള്ള ഖുർആനോട് മത്സരിക്കാൻ ഒന്നിനും കഴിഞ്ഞിട്ടുമില്ല; ഇനി കഴിയുകയുമില്ല. ഈ പരിശുദ്ധ വചനങ്ങളെ അനുധാവനം ചെയ്യുന്നവരിൽ ആണ് അതിന്റെ സ്വാധീനം ഉണ്ടാകുന്നത്. ഇതനുസരിച്ച് പ്രവർത്തിക്കുന്നവർ അനിതര സാധാരണമായ അനുഗ്രഹങ്ങൾ കരസ്തമക്കുന്നവർ ആണ്.

ഹദ്റത് മസീഹ് മൗഊദ്(അ) പറയുന്നു: ഫുർഖാൻ മജീദ് അതിന്റെ വിവരണ ചാതുരിയിലും സാഹിത്യ സമ്പുഷ്ടിയിലും സത്യസാക്ഷ്യവും യുക്തിഭദ്രതയും ആവശ്യമായ വസ്തുതകളും നല്ല രീതിയിൽ അവതരിപ്പിച്ചിരിക്കുന്നു. ഏറ്റവും സംക്ഷിപ്തമായ രീതിയിൽ എല്ലാം വലയം ചെയ്തിരിക്കുന്നു. ഇതിൽ എല്ലാ എതിരാളികളെയും നിഷേധകരേയും നിശബ്ദമാക്കുന്ന ശക്തമായ തെളിവുകൾ നിറഞ്ഞിരിക്കുന്നു. കുഴപ്പങ്ങൾ ഉള്ള കാര്യങ്ങൾക്ക് പരിഹാരവും പരന്നതായി കാണുന്ന രോഗങ്ങൾക്ക് ചികിത്സയും രേഖപ്പെടുത്തിയിട്ടുണ്ട്. പൊയ്മതങ്ങളുടെ എല്ലാ അന്ധവിശ്വാസങ്ങളെയും നിർമാർജ്ജനം ചെയ്യുകയും ചെയ്തു.

എല്ലാ ആക്ഷേപങ്ങൾക്കും മറുപടി നൽകുന്നു. അതിൽ വിവരിക്കാത്ത ഒരു സത്യസാക്ഷ്യവുമില്ല. മറ്റൊരു മേന്മ, ആനാവശ്യമായ ഒരു വാക്കും അതിലില്ല. അനവസരത്തിൽ കാര്യങ്ങൾ വിവരിച്ചിട്ടില്ല. ഒരു വാക്ക് പോലും വ്യർഥമായി എഴുതിയിട്ടില്ല. വിവരണം എത്രമാത്രം പരിപക്വമാണെന്നാൽ മുൻകഴിഞ്ഞവർക്കും അവസാനം വരുന്നവർക്കുമായി ഇതിന്റെ അറിവുകൾ ഈ ഗ്രന്ഥത്തിൽ സമാഹരിച്ചിരിക്കുന്നു. അതിന്റെ വ്യാഖ്യാനങ്ങൾ എല്ലാ കാലത്തും പ്രസ്തുത കാലഘട്ടത്തിനനുസരിച്ച് നമുക്ക് അറിവ് നൽകുകയും ചെയ്യുന്നു. (എല്ലാ തരത്തിലുള്ള തെളിവുകളും വളരെ ചുരുങ്ങിയ രീതിയിൽ വിവരിക്കുകയും ചെയ്തിരിക്കുന്നു.) എപ്പോഴെങ്കിലും ആരെങ്കിലും ഇത്രയും ചെറിയ ഒരു ഗ്രന്ഥത്തിൽ എല്ലാ കാലഘട്ടത്തിന്റേയും സത്യങ്ങളെ ഉൾകൊള്ളുന്ന ഗ്രന്ഥം കാണുകയോ കേൾക്കുകയോ ചെയ്തിട്ടുണ്ടോ.? ഹദ്റത് മസീഹ് മൗഊദ്(അ) എല്ലാ മതങ്ങളെയും വെല്ലുവിളിച്ച് കൊണ്ട് പറയുന്നു: വരുവിൻ ഈ എല്ലാ മേന്മകളും ഞാൻ നിങ്ങൾക്ക് ഖുർആനിൽ കാണിച്ച് തരാം. ഇന്നുവരെ ആരും തന്നെ ഈ വെല്ലുവിളിക്ക് മറുപടി നൽകിയിട്ടില്ല. എന്നിട്ടും നമുക്ക് മേൽ ആക്ഷേപം ഉന്നയിക്കുന്നത്, നമ്മൾ നഊദുബില്ലാഹ് വിശുദ്ധ ഖുർആനെ അപഹസിക്കുന്നു എന്നാണ്. നമ്മുടെ വീക്ഷണത്തിൽ വിശുദ്ധ ഖുർആനെ സത്യസന്ധമായി പിന്തുടരാൻ കഴിയുന്നവരാണ് യഥാർഥ വിശ്വാസി.

ഹദ്റത് മസീഹ് മൗഊദ്(അ) വീണ്ടും പറയുന്നു: മോക്ഷത്തിന് വേണ്ടി അല്ലാഹു കൂടെ കൂടെ പറയുന്നത് എന്തെന്നാൽ, ആദ്യം സത്യഹൃദയത്തോട് കൂടി അല്ലാഹുവിനെ ഏകനും പങ്കുകാരനില്ലാത്തവനുമാണെന്നു മനസ്സിലാക്കുകയും തിരുനബി(സ) സത്യപ്രവാചകൻ ആണെന്ന് ദൃഢമായി വിശ്വസിക്കുകയും വിശുദ്ധ ഖുർആനെ ദൈവീക ഗ്രന്ഥമായി ഉൾക്കൊള്ളുകയും വേണം.

വിശുദ്ധ ഖുർആനിന്റെ പ്രതാപത്തെ കുറിച്ച് വിവരിച്ച് കൊണ്ട് ആ മഹാത്മാവ് പറയുന്നു: ഖുർആന് തത്തുല്യമായത് കൊണ്ടുവരാൻ കഴിയുമെന്ന് വാദിക്കുന്നവർക്ക് ദൈവീക ശാപമാണ്. വിശുദ്ധ ഖുർആൻ അത്ഭുതമാകുന്നു. അതിന് തത്തുല്യമായത് ജിന്നിനും ഇൻസിനും കൊണ്ടുവരാൻ കഴിയില്ല. അതിൽ അഭൗമീകമായ ജ്ഞാനങ്ങളും മേൻമകളും സമ്മേളിപ്പിച്ചിരിക്കുന്നു. അതിനെ മനുഷ്യന്റെ അറിവ് കൊണ്ട് സ്വരുക്കൂട്ടാൻ സാധ്യമല്ല.

എന്നോടൊപ്പം അല്ലാഹുവിന്റെ ഏതെങ്കിലും അടയാളം ഇല്ലാതിരിക്കുകയും അവന്റെ സഹായവും പിൻതുണയും എന്റെ കൂടെ ഇല്ലാതിരിക്കുകയും ഞാൻ വിശുദ്ധ ഖുർആനിൽ നിന്ന് വ്യതിരിക്തമായി ഏതെങ്കിലും വഴി ഉണ്ടാക്കുകയോ ഖുർആനിക കല്പനകളിലും ശരീഅത്തിലും എന്തെങ്കിലും കൈകടത്തുകയോ ദുർബലപ്പെടുത്തുകയോ തിരുനബി(സ)യെ പിൻപറ്റുന്നതിൽ നിന്ന് പുറത്ത് പുതിയ മാർഗം സ്വീകരിക്കുകയോ ചെയ്തിരുന്നുവെങ്കിൽ, ഈ ആൾ അല്ലാഹുവിന്റെയും അവന്റെ റസൂലിന്റെയും ശത്രുവാണെന്നും വിശുദ്ധ ഖുർആനിന്റെ അധ്യാപനങ്ങളെ എതിർക്കുന്നവനും ദുർബലപ്പെടുത്തവനുമാണെന്ന ജനങ്ങളുടെ ആരോപണം ബുദ്ധിപൂർവവും സ്വീകൃതയോഗ്യവും ആകുമായിരുന്നു. എന്നാൽ ഞാൻ വിശുദ്ധ ഖുർആനിൽ ഒരു മാറ്റവും വരുത്തിയിട്ടില്ല. ഞാൻ വിശുദ്ധ ഖുർആനിന്റെയും ഖുർആനിക കൽപ്പനകളുടെയും നബി തിരുമേനി(സ)ന്റെ പരിശുദ്ധ മതത്തിന്റേയും സേവനത്തിനുവേണ്ടി കച്ചമുറുക്കിയിരിക്കുന്നു.

ഇതാണ് ഹദ്റത് മസീഹ് മൗഊദ്(അ)ന്റെ വാദങ്ങൾ; അതിലാണ് നാം ഉറച്ച് വിശ്വസിക്കുകയും ചെയ്യുന്നത്. അദ്ദേഹം മുഖേനയാണ് ഖുർആനിക ദിവ്യജ്ഞാനങ്ങൾ നമ്മിലേക്ക് എത്തിയത്. അദ്ദേഹം നമുക്ക് ഖുർആനിന്റെ അഭൗമിക ജ്ഞാനങ്ങൾ നൽകുകയും ചെയ്തു. വിശുദ്ധ ഖുർആനെ ഇകഴ്ത്തുന്നു എന്ന് ആ മഹാത്മാവിന് മേലും ജമാഅത്തിന് മേലും ആരോപണം ഉന്നയിക്കുന്നവർ ചിന്തിക്കേണ്ടിയിരിക്കുന്നു. ഇവർ തങ്ങളുടെ ശാഠ്യം നിമിത്തം പിൻമാറുന്നില്ല. അല്ലാഹു അവരെ പിടികൂടാതെ വിടുന്നതുമല്ല.

നീതി സ്ഥാപിക്കുന്നത് സംബന്ധിച്ച ഖുർആനിന്റെ ഉന്നത അധ്യാപനങ്ങളെ കുറിച്ച് ആ മഹാത്മാവ് പറഞ്ഞത് വിവരിച്ചുകൊണ്ട് ഹുസൂർ അൻവർ പറഞ്ഞു: ഈ അധ്യാപനങ്ങൾ സാമൂഹികമായ സമാധാനത്തിനുള്ള ജാമ്യമാണ്. ഇന്ന് ഭൗതീക യുദ്ധത്തിൽ മുഴുകുന്ന സമൂഹങ്ങൾ ഈ അധ്യാപനത്തെ മനസ്സിലാക്കുകയാണെങ്കിൽ ലോകത്ത് സമാധാനം സ്ഥാപിക്കാൻ കഴിയും. അല്ലെങ്കിൽ ഉണ്ടായിക്കൊണ്ടിരിക്കുന്ന അവസ്ഥകൾ ഭയാനകമായ നാശത്തിലേക്കാണ് കൊണ്ടുപോകുന്നത്. നീതി സ്ഥാപിക്കാൻ കഴിയുന്നില്ലെങ്കിൽ നാശം ഉറപ്പാണ്.

വിശുദ്ധ ഖുർആനിന്റെത് പരിപൂർണ അധ്യാപനമാണ് എന്നു പ്രഖ്യാപിച്ചുകൊണ്ട് പറയുന്നു:

ആരെങ്കിലും വിശുദ്ധ ഖുർആനിന്റെ അധ്യാപനങ്ങളിൽ വല്ല ന്യൂനതയും കാണിക്കുകയാണെങ്കിൽ അതല്ലെങ്കിൽ തങ്ങളുടെ ഏതെങ്കിലും ഗ്രന്ഥത്തിൽ ഒരു കണികയെങ്കിലും ഇതിനേക്കാൾ മെച്ചമായത് സ്ഥാപിക്കുകയാണെങ്കിൽ അത് ഖുർആനിക അധ്യാപനങ്ങൾക്ക് വിരുദ്ധവും അതിനേക്കാൾ മെച്ചവും ആണെങ്കിൽ ഞാൻ സാക്ഷ്യം ചെയ്തു പറയുന്നു, ഞാൻ മരണ ശിക്ഷ സ്വീകരിക്കാൻ തയ്യാറാണ്.

ആ മഹാത്മാവ് പറയുന്നു: ഇന്ന് ഭൂമുഖത്ത് സകല വെളിപാട് ഗ്രന്ഥങ്ങളിലും വെച്ച് ഫുർഖാൻ മജീദ് മാത്രമാണ് ദൈവീക വചനങ്ങൾ എന്ന് സ്ഥാപിതമാണ്. അതിൽ തൗഹീദും ദൈവീക പ്രതാപവും അല്ലാഹുവിന്റെ ഏകത്വവും നിറഞ്ഞിരിക്കുന്നു. ഒരു തരത്തിലുള്ള ന്യൂനതയും കുറവും അല്ലാഹുവിൽ ആരോപിക്കുന്നില്ല. അത് ഒരു വിശ്വാസത്തെയും നിർബന്ധപൂർവ്വം അംഗീകരിക്കാനും ആഗ്രഹിക്കുന്നുമില്ല. ജനങ്ങളുടെ വാക്കുകളിലും പ്രവർത്തികളിലും ഉണ്ടായിട്ടുള്ള തെറ്റുകളെ പ്രകാശമാനമായ തെളിവുകൾ മുഖേന അകറ്റുന്നു. ഇന്ന് എത്രമാത്രം ശക്തിയായി കുഴപ്പങ്ങൾ പരക്കുന്നുണ്ടോ അത്രമാത്രം ശക്തിയായി അതിനെ പ്രതിരോധിക്കുകയും ചെയ്യുന്നു.

അല്ലാഹു നമുക്ക് വിശുദ്ധ ഖുർആനെ ശരിയായ രീതിയിൽ പ്രാവർത്തികമാക്കാനും അതിന്റെ അധ്യാപനം അനുസരിച്ച് പ്രവർത്തിക്കാനും അതിനെ മനസ്സിലാക്കാനും നമ്മുടെ ജീവിതങ്ങൾ അതനുസരിച്ച് ആക്കിയെടുക്കാനും സൗഭാഗ്യം നൽകുമാറാകട്ടെ. റമദാനിൽ ചെയ്യുന്നത് പോലെ റമദാന് ശേഷവും അതിന്റെ അനുഗ്രഹങ്ങളിൽ നിന്ന് പ്രയോജനം ഉൾകൊള്ളാൻ ശ്രമിക്കുക. റമദാനിൽ ജമാഅത്തിന്റെ എതിരാളികളുടെ ദ്രോഹങ്ങളിൽ നിന്ന് രക്ഷപെടാൻ പ്രത്യേകമായി ദുആ ചെയ്യുക. അല്ലാഹു എല്ലാ ദ്രോഹികളുടെയും കൈകളെ തടയുകയും അവരെ പിടികൂടാൻ സാഹചര്യം ഒരുക്കുകയും ചെയ്യട്ടെ. ലോകത്തെ പൊതുവിൽ എല്ലാ കുഴപ്പങ്ങളിൽ നിന്നും രക്ഷിക്കുന്നതിന് വേണ്ടി ദുആ ചെയ്യുക. അതുപോലെ ഫലസ്തീനിലും ഇപ്പോൾ വലിയ ഫസാദുകൾ ആണ് ഉണ്ടായിക്കൊണ്ടിരിക്കുന്നത്. ഫലസ്തീനിലെ മുസ്‌ലിംകൾക്ക് വേണ്ടിയും ദുആ ചെയ്യുക. അല്ലാഹു അവരെ അക്രമികളുടെ ദ്രോഹത്തിൽ നിന്ന് രക്ഷിക്കുമാറാകട്ടെ. (മുസ്‌ലിം നേതാക്കന്മാർക്കും തങ്ങളുടെ വ്യക്തിപരമായ പ്രയോജനങ്ങൾക്ക് ഉപരിയായി മുസ്‌ലിംകളുടെ പൊതുവായ നന്മയെ സംരക്ഷിക്കാൻ ബുദ്ധി നൽകുമാറാകട്ടെ. അല്ലാഹു ഈ റമദാനിൽ നമുക്ക് വേണ്ടി കാരുണ്യത്തിന്റേയും അനുഗ്രഹത്തിന്റേയും കവാടങ്ങൾ നേരത്തേതിലും നല്ല രീതിയിൽ തുറന്നു തരുമാറാകട്ടെ.)

اَلْحَمْدُ لِلّٰهِ نَحْمَدُهٗ وَ نَسْتَعِيْنُهٗ وَ نَسْتَغْفِرُهٗ وَنُؤْمِنُ بِهٖ وَنَتَوَكَّلُ عَلَيْهِ وَنَعُوْذُ بِاللّٰهِ مِنْ شُرُوْرِ اَنْفُسِنَا وَ مِنْ سَيِّئَاتِ اَعْمَالِنَا مَنْ يَّهْدِهِ اللّٰهُ فَلَا مُضِلَّ لَهٗ وَمَنْ يُّضْلِلْهُ فَلَا هَادِيَ لَهٗ - وَنَشْهَدُ اَنْ لَّا اِلٰهَ اِلَّا اللّٰهُ وَنَشْهَدُ اَنَّ مُحَمَّدًا عَبْدُهٗ وَرَسُوْلُهٗ - عِبَادَ اللّٰهِ رَحِمَكُمُ اللّٰهُ اِنَّ اللّٰهَ يَأْمُرُ بِالْعَدْلِ وَ الْاِحْسَانِ وَ اِيْتَاءِ ذِي الْقُرْبٰى وَ يَنْهٰى عَنِ الْفَحْشَاءِ وَ الْمُنْكَرِ وَ الْبَغْيِ يَعِظُكُمْ لَعَلَّكُمْ تَذَكَّرُوْنَ اُذْكُرُوا اللّٰهَ يَذْكُرْكُمْ وَ ادْعُوْهُ يَسْتَجِبْ لَكُمْ وَلَذِكْرُ اللّٰهِ اَكْبَرُ -

Friday Sermon Summary delivered by **Hadrat Khalifatul Masih Al-khamis** (atba)
at Masjid Baitul Futuh, U.K. – on 07.04.2023
Malayalam Translation & Layout: **Moulavi T. Jamshad Mukkam** For Malayalam Desk, Qadian.
Published By Nazarat Nashr-O-Isha'at, Sadr Anjuman Ahmadiyya - Qadian, 143516